# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 189 — 06.01.2014 -ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ - സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. രമേശ് ചെന്നിത്തല (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 26.8.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) 210/2013/ആഭ്യന്തരം പ്രകാരം പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ മൂന്ന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ ചാർജ്ജിംഗ് പോലീസ് സ്റ്റേഷനുകളാക്കി ക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിൽ തിരുവനന്തപുരം റൂറൽ, ഇടുക്കി, പത്തനംതിട്ട, കോഴിക്കോട് റൂറൽ, കൊല്ലം എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് തുടങ്ങുന്നതിനും ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ ; | (ബി) സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാത്രമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ പൗരാവകാശ സംരക്ഷണ നിയമം, പട്ടികജാതി പട്ടിക വർഗ്ഗ |

അതിക്രമം തടയൽ നിയമം എന്നിവ നടപ്പിലാക്കുന്നതിനായി 3000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

(സി) ഇതിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

(സി) വയനാട് ജില്ലയിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരക്കാർക്കെതിരെ അതിക്രമങ്ങൾ ഉണ്ടായാൽ ഉടനടി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് അവ മോണിറ്റർ ചെയ്യുന്നുണ്ട്. ഇതിനു പുറമെ കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ, അദാലത്തുകൾ എന്നിവയും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ